(എഫ്) ഈ വർക്കുകൾ ചെയ്ത കരാറുകാരും അവർക്കു കൊടുത്തിട്ടുള്ള തുകയും താഴെ ചേർക്കുന്നു.

1) മെസ്സേഴ്സ് സിൽക്ക് എംപ്ലോയീസ് വെൽഫെയർ സൊസൈറ്റി - 8,27,863.52 രൂപ
2) ശ്രീ. പി.കെ രാമചന്ദ്രൻ - 56,813.32 രൂപ
3) ശ്രീ. വി. മധുകൃഷ്ണൻ - 7,940 രൂപ
4) ശ്രീ. കെ.എസ്. ഗിരീഷ് - 2,340 രൂപ
5) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് - 4,87,416 രൂപ

(ജി) അടിയന്തിരമായി ചെയ്തുതീർക്കേണ്ട ജോലികളായതിനാൽ കാലതാമസം നേരിടാതിരിക്കാൻ വേണ്ടിയും മേൽപറഞ്ഞ ജോലികളിൽ പലതും ചെറിയ തുകയ്ക്കുള്ളതും ആയതുകൊണ്ടാണ് പത്രങ്ങളിൽ പരസ്യം ചെയ്യാതിരുന്നത്.

27 (529) മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ ജീവനക്കാർ

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനങ്ങളിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; ഓരോ വിഭാഗത്തിലേയും പട്ടിക ജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയാണ്;

(ബി) പട്ടിക വിഭാഗക്കാർക്ക് നിയമനത്തിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20/3/1985-ലെ ജി.ഒ.(എം.എസ്) നമ്പർ 114/85/ജി.എ.ഡി, 10/11/1993-ലെ ജി.ഒ.(എം,എസ്)നമ്പർ 23/93/പ്ലാനിംഗ് 22/1/1994-ലെ ജി.ഒ.(എം.എസ്) നമ്പർ 25/94/ജി.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ഈ കമ്പനിയിൽ നടപ്പാക്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ 16/6/1999-ലെ കണക്ക് അനുസരിച്ച് എക്സിക്യൂട്ടീവ്/മിഡിൽ ലെവൽ, എക്സിക്യൂട്ടീവ് ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ വിഭാഗങ്ങളിൽ ആയിരത്തി ഒരു നൂറ് ജീവനക്കാരുണ്ട്. ടി ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് ഇനിപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറി	ജീവനക്കാരുടെ എണ്ണം	പ്രാതിനിധ്യം പട്ടികജാതി	പട്ടികവർഗ്ഗം
എക്സിക്യൂട്ടീവ്	38	1	0
മിഡിൽ ലെവൽ എക്സിക്യൂട്ടീവ്	180	11	1
ലോവർ	576	45	1
വർക്കേഴ്സ്	306	74	7
ആകെ	1100	131	9

(ബി)-(ഡി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് കാറ്റഗറിയിൽ ഒരു തസ്തികയും മിഡിൽ ലെവൽ എക്സിക്യൂട്ടീവ് കാറ്റഗറിയിൽ 17 തസ്തികകളും ലോവർ കാറ്റഗറിയിൽ 21 തസ്തികയും വർക്കർ കാറ്റഗറിയിൽ ഒരു തസ്തികയും സംവരണം ചെയ്തിരുന്നു. അതിൽ മിഡിൽ ലെവൽ കാറ്റഗറിയിൽ എട്ട് തസ്തികയും ലോവർ കാറ്റഗറിയിൽ 13 തസ്തികയും സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് വേണ്ട നടപടി കമ്പനി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

28 (530) കൈത്തറി വ്യവസായത്തിലെ പ്രതിസന്ധി

ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിൽ എന്തെങ്കിലും പ്രതിസന്ധി നിലവിലുണ്ടോ;

(ബി) കൈത്തറി സംഘങ്ങൾക്ക് റിബേറ്റിനത്തിൽ എന്തു തുക കൊടുക്കാനുണ്ട്;

(സി) ഈ തുക ലഭിക്കാത്തതിനാൽ കൈത്തറി സംഘങ്ങളുടെ പ്രവർത്തനം സ്തംഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എന്തു തുകയ്ക്കുള്ള കൈത്തറി വസ്ത്രങ്ങൾ വിറ്റഴിയാതെ കിടപ്പുണ്ട്;

(ഇ) ഇവ വിറ്റഴിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അസംസ്കൃത വസ്തുക്കൾക്ക് അടിക്കടിയുണ്ടാകുന്ന വില വർദ്ധനവും അതുമൂലം ഉല്പന്നങ്ങൾക്കുണ്ടാകുന്ന വിലവർദ്ധന, ഉല്പന്നങ്ങളുടെ വിപണന മാന്ദ്യം, തൊഴിലാളികളുടെ വേതനത്തിലുണ്ടാകുന്ന വർദ്ധന, കുറഞ്ഞ ചെലവിൽ യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുമായി കമ്പോളത്തിലുണ്ടാകുന്ന വില്പനയിലെ പ്രയാസങ്ങൾ തുടങ്ങിയ പ്രതിസന്ധികൾ നിലവിലുണ്ട്.

(ബി) കൈത്തറി സംഘങ്ങൾക്ക് റിബേറ്റിനത്തിൽ ഏകദേശം 25.65 കോടി രൂപ 1999 മാർച്ച് മാസം വരെ കൊടുത്തു തീർക്കാനുണ്ട്.

(സി) ഇല്ല. ഈ തുക ലഭിക്കാത്തതുകൊണ്ടു മാത്രം കൈത്തറി സംഘങ്ങളുടെ പ്രവർത്തനം സ്തംഭിച്ചിട്ടുള്ളതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly